**കേരള സർക്കാർ**

**സംഗ്രഹം**

പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 27.08.2014 ലെ OA(EKM) 306/2014 ഉത്തരവ് പാലിച്ച് കണ്ണൂർ ജില്ലയിലെ മുണ്ടേരി ഗ്രാമപഞ്ചായത്തിൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തുവരുന്ന ശ്രീമതി. സാവിത്രി പഴയടത്തിനെ ടി ഓഫീസിൽ ഒരു പാർട്ട്ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ടി തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ (എം.എസ്) നം.13/2018/തസ്വഭവ തീയതി,തിരുവനന്തപുരം,31/01/2018**

---

പരാമർശം : 1. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 27.08.2014 ലെ OA(EKM) 306/2014 നം. ഉത്തരവ്

2. 25.11.2005 ലെ സ.ഉ(പി) നം. 501/2005/ധന ഉത്തരവ്.

3. ശ്രീമതി. സാവിത്രി പഴയടത്തിന്റെ 20.07.2017 ലെ അപേക്ഷ.

4. പഞ്ചായത്ത് ഡയറക്ടറുടെ 13.12.2017 ലെ ഇ 9-25773/14 നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ മുണ്ടേരി ഗ്രാമപഞ്ചായത്തിൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തുവരുന്ന ശ്രീമതി. സാവിത്രി പഴയടത്ത് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്തിരുന്ന OA-306/2014 നമ്പർ ഹർജിയിൽ പരാമർശം (1) പ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ചിട്ടുള്ള 27.08.2014 ലെ ഉത്തരവിൽ അപേക്ഷകയെ സ്ഥിരപ്പെടുത്തുന്നതിനായി സമർപ്പിച്ചിരുന്ന പ്രൊപ്പോസലുകളായ Annexure A3, A4 എന്നിവയിന്മേൽ തീരുമാനം കൈക്കൊള്ളുവാനും തസ്തിക സൃഷ്ടിച്ച് അപേക്ഷകയെ സ്ഥിരപ്പെടുത്തുന്നതിന് തടസ്സമുണ്ടെങ്കിൽ അപേക്ഷകയെ 1-ാം കക്ഷി നോട്ടീസ് നൽകി കേൾക്കുന്നതിനുള്ള അവസരം നൽകണമെന്നും നിർദ്ദേശിച്ചിരുന്നു. ശ്രീമതി. സാവിത്രി പഴയടത്തിനെ തസ്തിക സൃഷ്ടിച്ച് സ്ഥിരപ്പെടുത്തുന്നതിനായി ടിയാളുടെ പരാമർശം (3) ലെ അപേക്ഷയും പരാമർശം (2) ലെ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള അനുബന്ധങ്ങളും പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കി. കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന വിശദമായ പ്രൊപ്പോസൽ സമർപ്പിക്കാൻ മുണ്ടേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് 23.10.2014 ൽ രേഖാമൂലം നിർദ്ദേശം നൽകിയിരുന്നതായും എന്നാൽ 20 വർഷം മുമ്പ് ശ്രീമതി. സാവിത്രി പഴയടത്തിനെ നിയമിച്ചതിന്റെ രേഖാമൂലമുള്ള പഞ്ചായത്ത് തീരുമാനം ഓഫീസ് രേഖകളിൽ ഇല്ലാത്തതിനാൽ 30.12.2010 ൽ 170/2010 നമ്പരായി കൈക്കൊണ്ട തീരുമാനത്തിന്റെ പകർപ്പും മറ്റ് രേഖകളും 01.11.2014 ൽ സമർപ്പിച്ചിരുന്നുവെന്നും ആയതിലെ

അപാകതകൾ പരിഹരിച്ച് വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് തുടർന്ന് 05.01.2015 ൽ രേഖാമൂലം നിർദ്ദേശം നൽകിയിരുന്നതായും ആയത് സമയബന്ധിതമായി ലഭിക്കാത്തതാണ് വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് കാലതാമസമുണ്ടായതെന്നും ശ്രീമതി. സാവിത്രി പഴയടത്ത് 25 വർഷമായി മുണ്ടേരി ഗ്രാമപഞ്ചായത്തിൽ ദിവസവേതനത്തിൽ ജോലി ചെയ്യുന്നതായും പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം അറിയിച്ചു. മുണ്ടേരി ഗ്രാമപഞ്ചായത്തിന്റെ ആകെ സ്വീപ്പിംഗ് ഏര്യ 595.48 ച.മീ ആണെന്ന് പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലയിലെ മുണ്ടേരി ഗ്രാമപഞ്ചായത്തിൽ ഒരു പാർട്ട്ടൈം സ്വീപ്പർ തസ്തിക സൃഷ്ടിച്ച് ടി ഓഫീസിൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തുവരുന്ന ശ്രീമതി. സാവിത്രി പഴയടത്തിനെ ഉത്തരവ് തീയതി മുതൽ പ്രാബല്യത്തിൽ സ്ഥിരപ്പെടുത്തുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (1) ലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് ഇപ്രകാരം പാലിച്ചിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. മോഹൻദാസ്**
**അഡീഷണൽ സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, കേരളം,എറണാകുളം (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല.
ശ്രീമതി. സാവിത്രി പഴയടത്ത്, പാർട്ട്ടൈം സ്വീപ്പർ, മുണ്ടേരി ഗ്രാമപഞ്ചായത്ത്, കണ്ണൂർ ജില്ല.
(മുണ്ടേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖേന).
സെക്രട്ടറി, മുണ്ടേരി ഗ്രാമപഞ്ചായത്ത്, കണ്ണൂർ ജില്ല.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്(നം. Dev-1/18/2018/Fin. തീയതി 30.01.2018 പ്രകാരം).
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)
ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/82/2015-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ